## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 474 — 22.03.2018 ൽ മറുപടിക്ക്

## ചെറുകിട വ്യവസായ മേഖലയുടെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>" വി.പി.സജീന്ദ്രൻ<br>" വി.ടി.ബൽറാം<br>" എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ മേഖലയുടെ വളർച്ച സംസ്ഥാനത്ത് ദ്രുതഗതിയിലാണെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ ആയതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; | (എ) | പുതിയ വ്യവസായ നയത്തിന്റെയും ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പിലാക്കിയതിന്റെയും ഫലമായി സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ വളർച്ചാനിരക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് സാങ്കേതിക വിദ്യയും പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും പകർന്നു നൽകുന്നതിനായി സംരംഭകത്വ വികസന പരിപാടി, സംരംഭകത്വ ബോധവൽകരണ പരിപാടി, ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം, ഇൻകുബേഷൻ സെൻററുകൾ എന്നീ പദ്ധതികളും, വിപണി കണ്ടെത്തുന്നതിനായി വ്യവസായ പ്രദർശനം, മെഷിനറി എക്സ്പോ, IITF(ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയർ), ദേശീയ അന്തർ ദേശീയ പരിപാടികൾ, കേരള അഗ്രോ ഫുഡ് പ്രോ, മലബാർ ക്രാഫ്റ്റ് മേള എന്നീ പദ്ധതികളും, വായ്പ പ്രോത്സാഹിപ്പിക്കുന്നതിനായി ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് (TFR), നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, സംരംഭകത്വ സഹായ പദ്ധതിയിലെ സ്റ്റാർട്ട് അപ്പ് അസിസ്റ്റൻസ് എന്നീ പദ്ധതികളും, ഗ്രാന്റ് നൽകുന്നതിനുള്ള പി.എം.ഇ.ജി.പി, ഇ.എസ്.എസ്., ആശാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നീ പദ്ധതികളും ലൈസൻസ് സമയബന്ധിതമായി ലഭിയ്ക്കുന്നതിനുള്ള ഏകജാലക സംവിധാനവും പശ്ചാത്തലസൗകര്യം വികസിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന മറ്റ് പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നത് വഴി ചെറുകിട വ്യവസായ മേഖലയിൽ ഉണർവ് നല്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പീഢിത ചെറുകിട സ്ഥാപനങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനരുദ്ധാരണ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | പീഡിത ചെറുകിട സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപെട്ട് 2018-19 വർഷത്തിൽ കേരള എം.എസ്.എം.ഇ. പുനരുജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിച്ച് ധനസഹായം നല്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുവാൻ 2018-19 ലെ ബജറ്റിൽ എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുവാൻ 2018-19 ലെ ബജറ്റിൽ 160.01 കോടി രൂപയുടെ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ